**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4775** **19-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; സബ്സിഡി ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക മത്സ്യത്തൊഴിലാളികൾക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സബ്സിഡി നൽകുന്നുണ്ട്. 2015 ജൂലൈ മാസം മുതൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായുള്ള വെള്ള മണ്ണെണ്ണ മത്സ്യഫെഡ് വഴി ലിറ്ററിന് 25 രൂപ സബ്സിഡി എന്ന നിരക്കിൽ (ഡി.ബി.റ്റി മുഖേന) സംസ്ഥാന സർക്കാർ വിതരണം ചെയ്തു വരുന്നു. യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിയ്ക്കനുസരിച്ച് 10 HP വരെ 140 ലിറ്റർ, 10 HP മുതൽ 15 HP വരെ 150ലിറ്റർ, 15 HP ക്ക് മുകളിൽ 190 ലിറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഉടമകൾക്ക് സബ്സിഡി മണ്ണെണ്ണ ലഭ്യമാക്കുന്നത്.<br><br>സബ്സിഡി ഇനത്തിൽ കുടിശ്ശിക തുക നൽകാനില്ല. 2024-2025 സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി 25 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 2025 ജനുവരി മാസം വരെ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകളിൽ നിന്ന് മണ്ണെണ്ണ വാങ്ങിയ പെർമിറ്റ് ഉടമകൾക്ക് വാങ്ങിയ മണ്ണെണ്ണയ്ക്ക് അനുബന്ധമായ സബ്സിഡി ഡി.ബി.റ്റി മുഖേന നല്കിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസം മത്സ്യഫെഡിന്റെ ബങ്കുകളിൽ നിന്നും മണ്ണെണ്ണ വാങ്ങിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് മത്സ്യഫെഡ് ലഭ്യമാക്കുന്ന മുറയ്ക്ക് അതത് ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതാണ്. |
| (ബി) | മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി പെർമിറ്റ് അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. 10 HP വരെയുള്ള എഞ്ചിനുകൾക്ക് 140 |

ലിറ്റർ, 15 HP വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ, 15 HPയ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ എന്നിങ്ങനെയാണ് വെള്ള മണ്ണെണ്ണയുടെ വിതരണം. ഇത് കൂടാതെ വിപണി നിരക്കിൽ 10 HP വരെയുള്ള എഞ്ചിനുകൾക്ക് 371 ലിറ്റർ വീതവും, 15 HP വരെയുള്ള എഞ്ചിനുകൾക്ക് 614 ലിറ്റർ വീതവും, 15 HPയ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 820 ലിറ്റർ വീതവും മണ്ണെണ്ണ ഗുണഭോക്താക്കളുടെ ആവശ്യ പ്രകാരം മത്സ്യഫെഡ് വഴി നൽകി വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 5332.70 KL സബ്സിഡി മണ്ണെണ്ണ മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

മണ്ണെണ്ണയുടെ വിലവർദ്ധനവും ലഭ്യതക്കുറവും മണ്ണെണ്ണ ഉപയോഗം മൂലം ഉണ്ടാകുന്ന മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം LPG ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ LPG കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പരീക്ഷണാടിസ്ഥാനത്തിൽ 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ LPG കിറ്റുകൾ വിതരണം ചെയ്തു. LOT അടിസ്ഥാനത്തിലുള്ള LPG കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തിയതിന്റെ ഭാഗമായി വിതരണോദ്ഘാടനം 22.01.2023 ന് നിർവഹിക്കുകയും ചെയ്തു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് LPG ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21.01.2023 ന് LPG കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച്

| | | | |
|---|---|---|---|
| | | | വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75 % സബ്സിഡിയോട്ടുകൂടി LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും അതിൻ പ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് മുഖാന്തിരം സ്വീകരിച്ചിട്ടുമുണ്ട്.<br><br>കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോട്ടുകൂടി (പരമാവധി 50,000/-രൂപ) പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തിരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുമുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽപിജി ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br><br>കൂടാതെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം ഡീസൽ ഉപയോഗിക്കുന്നതിനു പര്യാപ്തമായ ഡീസൽ എൻജിനുകൾ രൂപകൽപന ചെയ്യുന്നതിന് CIFT(Central Institute of Fisheries Technology) യ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള എഞ്ചിൻ രൂപകൽപ്പന പൂർത്തിയായിട്ടുണ്ട്. പരീക്ഷണ ഓട്ടത്തിന് ശേഷം ആയത് മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്ന മണ്ണെണ്ണയുടെ സബ്സിഡി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ മത്സ്യഫെഡ് മുഖേന ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ട്. 10 വർഷത്തിന് താഴെ കാലപ്പഴക്കമുള്ള 14502 എഞ്ചിനുകൾക്കാണ് സബ്സിഡി നൽകുന്നത്. എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 140 മുതൽ 190 ലിറ്റർ വരെ മണ്ണെണ്ണയാണ് ഇത്തരത്തിൽ അനുവദിക്കുന്നത്. നിലവിൽ സബ്സിഡി നൽകി വരുന്ന 14502 എഞ്ചിനുകളുടെ പ്രവർത്തനത്തിന് മാത്രമായി ഒരു ലക്ഷം കിലോ ലിറ്ററിലധികം മണ്ണെണ്ണ ആവശ്യമാണ്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്ത് കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ